ഹരിതകേരളം മിഷൻ
കേരള സർക്കാർ

31.08.2019

## പത്രക്കുറിപ്പ്

# കെ.ടി.ഡി.സി യുടെ എല്ലാ സ്ഥലങ്ങളിലും ഹരിതകേരളം മിഷനുമായി ചേർന്ന് പച്ചത്തുരുത്തുകൾ

സംസ്ഥാനത്ത് ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിലൂള്ള സ്ഥലങ്ങളിൽ സാധ്യമായ ഇടങ്ങളിലെല്ലാം ഹരിതകേരളം മിഷനുമായി ചേർന്ന് പച്ചത്തുരുത്തുകൾ സൃഷ്ടിക്കും. കെ.ടി.ഡി.സി ചെയർമാൻ എം.വിജയകുമാർ അറിയിച്ചതാണ് ഇക്കാര്യം. സംസ്ഥാനത്ത് ഇതാദ്യമായാണ് ഒരു പൊതുമേഖലാ സ്ഥാപനം തങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ എല്ലായിടത്തും പച്ചത്തുരുത്ത് നിർമ്മിക്കാൻ തീരുമാനമെടുക്കുന്നത്. തിരുവനന്തപുരത്ത് കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ നെയ്യാർഡാം പരിസരത്ത് നടന്ന പച്ചത്തുരുത്ത് ഉദ്ഘാടന ചടങ്ങിലാണ് കെ.ടി.ഡി.സി ചെയർമാൻ ഇത് സംബന്ധിച്ച പ്രഖ്യാപനം നടത്തിയത്. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ.സീമ പച്ചത്തുരുത്ത് ഉദ്ഘാടനം ചെയ്തു. സി.കെ.ഹരീന്ദ്രൻ എം.എൽ.എ വൃക്ഷത്തൈ നട്ടു. കള്ളിക്കാട് പഞ്ചായത്ത് പ്രസിഡന്റ് ജെ.ആർ അജിത അധ്യക്ഷയായ ചടങ്ങിൽ വൈസ് പ്രസിഡന്റ് എസ്.ശ്യാംലാൽ തുടങ്ങി ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുത്തു. കെ.ടി.ഡി.സിയുടെ ഉടമസ്ഥതയിലുള്ള 8 ഏക്കറിലാണ് ഇവിടെ പച്ചത്തുരുത്ത് ഒരുക്കുന്നത്. തുടർന്ന് 5 ഏക്കറിൽ കൂടി പദ്ധതി വ്യാപിപ്പിക്കും. കെ.ടി.ഡി.സി യുടെ 40 ഓളം കോമ്പൗണ്ടുകളിൽ ഈ വർഷം തന്നെ പച്ചത്തുരുത്തിനു തുടക്കമാകും. ഇതിനുള്ള മുന്നൊരുക്കങ്ങൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ചു.

പൊതു സ്ഥലങ്ങളിൽ ഉൾപ്പെടെ തരിശ് സ്ഥലങ്ങൾ കണ്ടെത്തി പ്രാദേശിക ജൈവവൈവിധ്യത്തിന്റെ ഭാഗമായ വൃക്ഷങ്ങളും സസ്യങ്ങളും ഉൾപ്പെടുത്തി സ്വാഭാവിക ജൈവവൈവിധ്യ തുരുത്തുകൾ സൃഷ്ടിച്ചെടുത്ത് സംരക്ഷിക്കാനാണ് ഈ സംരംഭത്തിലൂടെ ലക്ഷ്യമിടുന്നത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങൾ കുറയ്ക്കുന്നതിനും ഹരിതഗൃഹ വാതകങ്ങളുടെ സാന്നിദ്ധ്യം കൊണ്ടുണ്ടാകുന്ന ആഗോള താപനത്തെ ചെറുക്കുന്നതിനും പച്ചത്തുരുത്തുകൾക്ക് നിർണ്ണായക പങ്ക് വഹിക്കാനാകും. അന്തരീക്ഷത്തിലെ അധിക കാർബണിനെ ആഗിരണം ചെയ്ത് സംഭരിച്ച് സൂക്ഷിക്കുന്ന കാർബൺ കലവറകളായി വർത്തിക്കുന്ന പച്ചത്തുരുത്തുകൾ പ്രാദേശിക ജൈവ വൈവിധ്യ സംരക്ഷണം ഉറപ്പാക്കും.

**ഡോ.ടി.എൻ സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004